ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.04.2025**

## പ്രധാനവാർത്തകൾ

1.) വഖഫ് ഭേദഗതി ബിൽ ലോക്സഭയിൽ ; ചർച്ച ആരംഭിച്ചു.

2.) സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ നാളെ വീണ്ടും ചർച്ച നടത്തും.

3.) വാളയാർ പീഡനത്തിന് ഇരയായ കുട്ടികളുടെ മാതാപിതാക്കളെ അറസ്റ്റ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ തടഞ്ഞ് ഹൈക്കോടതി.

4.) തിരുവനന്തപുരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് കൊടിയേറി.

5.) സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത ; മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6.) ഐഎസ്എൽ ഫുട്ബോൾ ആദ്യ സെമിയിൽ ഇന്ന് ഗോവ - ബംഗളുരുവിനെ നേരിടും.

*************************************************

RNU TVPM

## വഖഫ് ഭേദഗതി ബിൽ-കിരൺ റിജിജു

പാർലമെൻറിൽ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച ചർച്ചകൾ ലോക് സഭയിൽ ആരംഭിച്ചു. ബിൽ ചർച്ച ചെയ്യുന്നതിന് എട്ട് മണിക്കൂറാണ് അനുവദിച്ചിട്ടുള്ളതെന്ന് പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുന്നതിന് ബിജെപിയും കോൺഗ്രസും എംപിമാർക്ക് വിപ്പ് നൽകിയിരുന്നു. രാജ്യത്തെ എല്ലാ പാവപ്പെട്ട മുസ്ലീംഗങ്ങൾക്കും സാധാരണക്കാർക്കും ബില്ലിലൂടെ ഗുണം ലഭിക്കുമെന്ന് ബി ജെ പി എം പി ജഗദാംബികാ പാൽ പ്രതികരിച്ചു.

***********************************

## വഖഫ് ഭേദഗതി ബില്ലിനെ എതിർക്കും

PIIU TVPM

വഖഫ് ഭേദഗതി ബില്ലിനെ ഐഎൻഡിഐഎ സഖ്യത്തിനൊപ്പം നിന്ന് ഒറ്റക്കെട്ടായി എതിർക്കുമെന്ന് കോൺഗ്രസ് വ്യക്തമാക്കി. ബില്ലിനെ എതിർക്കുമെന്നും നിയമപരമായി നേരിടുമെന്നും മുസ്ലിം ലീഗും സിപിഐ എമ്മും അറിയിച്ചു. അതേസമയം, വഖഫ് ഭൂമി ദുരുപയോഗം തടയുന്നതിനാണ് ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതെന്ന് ബി.ജെ.പി. ദേശീയ സമിതി അംഗം സി.കെ. പദ്മനാഭൻ പറഞ്ഞു.

***********************************

## ആശ സമരം

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ മൂന്നാംവട്ട ചർച്ച നടത്തും. നാളെ വൈകുന്നേരം ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്താണ് ചർച്ച. സി

ഐ ടി യു, ഐ എൻ ടി യു സി തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. അതേസമയം, നേരത്തെ ഉന്നയിച്ച ആവശ്യങ്ങളിൽ നിന്നും പിന്നോട്ടില്ലെന്നും ആശാ പ്രവർത്തകർ പറഞ്ഞു. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദയുമായി മന്ത്രി വീണാ ജോർജ് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നിരവധിപേരാണ് സമരപ്പന്തലിലെത്തുന്നത്. മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എം എൽ എ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ഇന്നും സമരപ്പന്തലിൽ എത്തിയിരുന്നു.

***********************************

## വാളയാർ - ഹൈക്കോടതി

വാളയാർ പീഡനത്തിന് ഇരയായ കുട്ടികളുടെ മാതാപിതാക്കളെ അറസ്റ്റ് ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ഹൈക്കോടതി തടഞ്ഞു. സിബിഐ, വിചാരണ കോടതിയിൽ സമർപ്പിച്ച കുറ്റപത്രം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മാതാപിതാക്കൾ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. ഹർജി തീർപ്പാക്കും വരെ ഇരുവർക്കും എതിരെ നടപടി പാടില്ലെന്നും കേസിൽ വേനൽ അവധിക്ക് ശേഷം വിശദമായ വാദം കേൾക്കുമെന്നും കോടതി വ്യക്തമാക്കി. കൊച്ചിയിലെ വിചാരണ കോടതിയിൽ നേരിട്ട് ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാതാപിതാക്കളുടെ അറിവോടും സമ്മതത്തോടും ആണ് കുട്ടികൾ പീഡനത്തിന് ഇരയായതെന്ന് സിബിഐ വിചാരണ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരുന്നു.

RNUTVPM

***********************************

## പാലക്കാട് - ഹൈക്കോടതി ജാമ്യം

പാലക്കാട് ആർഎസ്എസ് നേതാവ് കെ എസ് ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിലെ 10 പ്രതികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ജസ്റ്റിസ് വി രാജ വിജയരാഘവൻ, ജസ്റ്റിസ് പി വി ബാലകൃഷ്ണൻ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റേതെന്ന് ഉത്തരവ്. നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ട്, എസ്ഡിപിഐ പ്രവർത്തകരാണ് പ്രതികൾ.

***********************************

## കൊച്ചി വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോ അടുത്ത തിങ്കളാഴ്ച മുതൽ ഏലൂരിലേക്ക് മറ്റൊരു സർവ്വീസ് ആരംഭിക്കുമെന്ന് മന്ത്രി പി.രാജീവ്. ഏലൂർ, ചേരാനല്ലൂർ റൂട്ടിൽ ഹൈക്കോടതി ജംഗ്ഷനിലേക്കുള്ള കണക്ടിവിറ്റി വർധിപ്പിക്കുന്നതിൻറെ ഭാഗമായാണ് ഇത്. കൊച്ചിൻ ഷിപ്യാർഡിൽ നിന്ന് പുതുതായി ലഭിച്ച 19-ാമത്തെ ബോട്ട് ഇതിനായി ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

***********************************

## കെ രാജൻ

സംസ്ഥാനത്ത് വനാവകാശ രേഖ ലഭിച്ച 29,821 കുടുംബങ്ങളുൾപ്പെട്ട വനഗ്രാമങ്ങളെ റവന്യു ഗ്രാമങ്ങളാക്കി മാറ്റാൻ തീരുമാനിച്ചതായി മന്ത്രി കെ. രാജൻ. തൃശൂരിലെ ഒളകര ഉന്നതിയിൽ വനാവകാശരേഖ ലഭിച്ചവരുടെ സംഗമത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. കുടുംബങ്ങൾക്ക് രേഖകൾ ലഭ്യമാക്കാൻ നേതൃത്വം നൽകിയവരെ ചടങ്ങിൽ മന്ത്രി അഭിനന്ദിച്ചു.

***********************************

## ഗോകുൽ - ക്രൈംബ്രാഞ്ച്

വയനാട് കൽപ്പറ്റയിൽ പോലീസ് സ്റ്റേഷനിൽ ആദിവാസി യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ ക്രൈം ബ്രാഞ്ച് കേസ് ഏറ്റെടുക്കും. സ്റ്റേഷനിലെ എസ് ഐ ഉൾപ്പെടെയുള്ളവരുടെ മൊഴിയെടുക്കും. സിസിടിവി ദൃശ്യങ്ങളും ക്രൈംബ്രാഞ്ച് പരിശോധിക്കും. സംഭവത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണവും നടക്കുന്നുണ്ട്.

***********************************

## കഴകം ജീവനക്കാരൻ - രാജിവെച്ചു.

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ജാതിവിവേചനം നേരിട്ട കഴകം ജീവനക്കാരൻ ബാലു രാജിവെച്ചു. ഇന്നലെ ദേവസ്വം ഓഫീസിൽ എത്തിയാണ് രാജിക്കത്ത് കൈമാറിയത്. വ്യക്തിപരമായ കാരണത്താൽ രാജിവയ്ക്കുന്നു എന്നാണ് കത്തിൽ സൂചിപ്പിക്കുന്നത്. അതേസമയം ബാലു രാജിവച്ച സാഹചര്യത്തിൽ റാങ്ക് പട്ടികയിൽ ഈഴവ വിഭാഗത്തിൽപ്പെട്ട ആൾക്ക് നിയമനം നൽകുമെന്ന് കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ചെയർമാൻ കെ ബി മോഹൻദാസ് അറിയിച്ചു. റാങ്ക് പട്ടികയിൽ ഇഴവർ ഇല്ലെങ്കിൽ ഈഴവ വിഭാഗത്തിൽപ്പെട്ട ആളുകൾക്കായി റിക്രൂട്ട്മെൻറ് നടത്തുമെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

RNUTVPM

***********************************

## കോഴിക്കോട് .........(ഇൻട്രോ)

ലഹരിക്കെതിരായി പോരാടാൻ കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടെ "ലഹരിക്കെതിരെ ആയിരം ഗോൾ" പരിപാടി സംഘടിപ്പിക്കുന്നു. നാളെ വൈകുന്നേരം മാനാഞ്ചിറ സ്ക്വയറിൽ നടക്കുന്ന പരിപാടി തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(ഹോൾഡ് വോയ്സ്......)

**********************************

<u>ബ്രേക്ക്...</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**********************************

<u>പൈങ്കുനി ഉത്സവം... (ഇൻട്രോ)</u>

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് കൊടിയേറി. ഈ മാസം 10-ന് രാത്രി പള്ളിവേട്ടയും 11-ന് ആറാട്ടും നടക്കും. ആറാട്ടോടെ ഉത്സവം സമാപിക്കും. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ വാർഷിക ഉത്സവങ്ങളിൽ ആദ്യത്തേതാണ് പൈങ്കുനി ഉത്സവം. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്...

(ഹോൾഡ് വോയ്സ്......)

RNU TVPM

**********************************

<u>ശബരിമല</u>

ശബരമലയിൽ പൈങ്കുനി ഉത്രം ഉത്സവത്തിൻ്റെ ഭാഗമായി കൊടിയേറ്റു നടന്നു. തന്ത്രിമാരായ കണ്ഠര് രാജിവര്, കണ്ഠര്ബ്രഹ്മദത്തൻ എന്നിവരുടെ കാർമികത്വത്തിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലായിരുന്നു കൊടിയേറ്റു ചടങ്ങുകൾ. ഈ മാസം 11 നാണ് പമ്പയിൽ ആറാട്ട്. അന്ന് വൈകുന്നേരം സന്നിധാനത്ത് കൊടിയിറക്ക് നടക്കും. വിഷു പൂജകൾക്കായി ഈ മാസം 18 വരെ നട തുറന്നിരിക്കും.

**********************************

## പാർട്ടി കോൺഗ്രസ്

സിപിഐ എം 24-ാം പാർട്ടി കോൺഗ്രസിന് മധുരയിൽ തുടക്കമായി. മുതിർന്ന നേതാവ് ബിമൻ ബസു പതാക ഉയർത്തി. കോടിയേരി ബാലകൃഷ്ണൻ സ്മാരക ഹാളിൽ പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പാർടി കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. മണിക് സർക്കാർ അധ്യക്ഷനായി. സിപിഐ ജനറൽ സെക്രട്ടറി ഡി രാജ ഉൾപ്പെടെ വിവിധ ഇടതുപക്ഷ പാർടികളുടെ പ്രതിനിധികൾ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. ഏപ്രിൽ ആറുവരെ ചേരുന്ന പാർട്ടി കോൺഗ്രസിൽ 80 നിരീക്ഷകരടക്കം എണ്ണൂറിലധികം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

************************************

## ഐ എസ് എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ന് ഗോവ- ബംഗളുരുവിനെയും നാളെ മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

RNU TVPM

************************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചർസ് ബെംഗളൂരു ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ബെംഗളൂരുവിലെ എം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം,

പാലക്കാട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യത. അതേസമയം കനത്ത ചൂടും ഉയർന്ന അൾട്രാ വയലറ്റ് സൂചികയും രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്നും നിർദേശം. മൂന്നാറിൽ അൾട്രാ വയലറ്റ് സൂചിക 10 ഉം കൊട്ടാരക്കര, കോന്നി, പൊന്നാനി എന്നിവിടങ്ങളിൽ അൾട്രാ വയലറ്റ് സൂചിക എട്ടും രേഖപ്പെടുത്തി.

************************************

## ഇടുക്കി കർഷകർ .. (ഇൻട്രോ)

വേനൽമഴ ലഭിച്ചതോടെ കാർഷിക ജോലികൾ സജീവമാക്കി ശീതകാല പച്ചക്കറികളുടെ വിളനിലമായ വട്ടവടയിലെ കർഷകർ. കൃഷിയിടങ്ങൾ ഉഴുത് അടുത്ത കൃഷിക്കായി വിത്തിറക്കാനുള്ള തയാറെടുപ്പുകൾ കർഷകർ ആരംഭിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

**(ഹോൾഡ് വോയ്സ്...........)**

PNUTVPM

************************************

## ഇടുക്കി- ജലനിരപ്പ്

ചൂട് കനക്കുകയും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യതോടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നു. സംഭരണ ശേഷിയുടെ പാതിയിൽ താഴെ മാത്രം വെള്ളമാണ്ഇടുക്കിയിലുള്ളത്. 2351.54 അടിയാണ് അണക്കെട്ടിലെ നിലവിലെ ജലനിരപ്പ്.

****************************************************************************